**11th February 2022**

**ആവശ്യങ്ങൾ അംഗീകരിച്ചു. സംയുക്ത സമരം പിൻവലിച്ചു**

ജോയിന്റ് ഫോറം ഓഫ് KGB യൂണിയൻസിന്റെ ആഭിമുഖ്യത്തിൽ നടന്നുവന്ന സംയുക്ത സമരത്തിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ അംഗീകരിച്ചതിനെത്തുടർന്ന് കഴിഞ്ഞ രണ്ടുമാസമായി തുടർന്നുവന്ന പ്രക്ഷോഭം പിൻവലിച്ചു. മുഴുവൻ തസ്തികകളിലേക്കും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക, BC നിയമനം ഉപേക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ടാണ് ഡിസംബർ 9 മുതൽ ജീവനക്കാർ പ്രക്ഷോഭം ആരംഭിച്ചത്. ഡിസംബർ 28 ന് ഇതിന്റെ ഭാഗമായി ഹെഡ് ഓഫീസിനുമുന്നിൽ മാസ്സ് ധർണ്ണ നടത്തുകയും തുടർന്ന് 45 ദിവസങ്ങളായി സമ്പൂർണ്ണ നിസ്സഹകരണ സമരം തുടർന്നു വരികയുമായിരുന്നു.

ഇന്നലെ ഏഴു മണിക്കൂറോളം നീണ്ടുനിന്ന ചർച്ച രാത്രി പത്ത് മണിയോട് കൂടിയാണ് ചെയർമാന്റെ സാന്നിധ്യത്തിൽ പൂർത്തിയായത്. നാം ഉന്നയിച്ച ഓരോ ആവശ്യത്തിലും കൃത്യമായ തീരുമാനം ഉണ്ടാക്കാൻ കഴിഞ്ഞു എന്നത് മുഴുവൻ ജീവനക്കാരുടെയും ഐക്യത്തിന്റെ വിജയമാണ്.

ചർച്ചയുടെയും തീരുമാനത്തിന്റെയും പ്രസക്തഭാഗങ്ങൾ

**മുഴുവൻ തസ്തികകളിലേക്കും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക:**

കഴിഞ്ഞവർഷം റിക്രൂട്ട്മെന്റ് നടക്കാതിരുന്ന പശ്ചാത്തലത്തിൽ ഇത്തവണ റിക്രൂട്ട്മെന്റിന് തുടക്കം കുറിച്ചു എന്നും അടുത്ത വർഷത്തെ കാര്യം ഇപ്പോൾ പറയാൻ കഴിയില്ല എന്നതിനാൽ ഇക്കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാക്കാൻ കഴിയില്ല എന്നുമായിരുന്നു മാനേജ്മെന്റ് നേരത്തെ നിലപാടെടുത്തിരുന്നത്.

**നമ്മുടെ നിരന്തരമായ സമ്മർദ്ദത്തിന്റെ ഭാഗമായി 2022 മാർച്ച് 31 ന്റെ ബിസിനസ്സ് ഫിഗർ അനുസരിച്ച് മിത്ര കമ്മിറ്റി പ്രകാരമുള്ള വേക്കൻസികളിലേക്ക് നിയമനം നടത്താനുള്ള നടപടികൾ ആരംഭിക്കുമെന്ന് മാനേജ്മെന്റ് ഉറപ്പു നൽകി.**

**താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക**

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള വിഷയം DFS ന്റെ പരിഗണനയിൽ ആയതിനാൽ ഇവിടെ ഒരു തീരുമാനവും എടുക്കാൻ കഴിയില്ല എന്നും DFS ന്റെ മറുപടി വന്നു കഴിഞ്ഞാൽ മാത്രമേ എന്തെങ്കിലും ചെയ്യാൻ കഴിയൂ എന്നുമായിരുന്നു മാനേജ്മെന്റ് നിലപാട്. എന്നാൽ, ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന സവിശേഷ അധികാരം ഉപയോഗിച്ച് ഈ വിഷയം പരിഹരിക്കാൻ കഴിയുമെന്ന് നാം കൃത്യമായി മാനേജ്മെന്റിനെ ധരിപ്പിച്ചു. ഈ വിഷയം ബോർഡിന്റെ പരിഗണനയിൽ കൊണ്ടുവരണമെന്നും അനുകൂലമായ തീരുമാനം ഉണ്ടാക്കാൻ ആവശ്യമായ ഡാറ്റ, സംഘടനകൾ കൂടി മുൻകൈയെടുത്ത് നൽകാമെന്നും മാനുഷിക പരിഗണനയോടു കൂടി ഇതിൽ പരിഹാരം കാണണമെന്നും ജോയിന്റ് ഫോറം പ്രതിനിധികൾ ആവശ്യപ്പെട്ടു.

**അതിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് വിഷയം ബോർഡിന്റെ പരിഗണനയിൽ കൊണ്ടുവരാമെന്ന് മാനേജ്മെന്റ് സമ്മതിച്ചു.**

**BC നിയമനം ഉപേക്ഷിക്കുക**

BC നിയമനം കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് എന്നും സാമ്പത്തിക ഉൾച്ചേർക്കലിന്റെ ഭാഗമായി നടക്കുന്ന ഈ പദ്ധതി പിൻവലിക്കാൻ ബാങ്ക് മാനേജ്മെന്റിന് കഴിയില്ല എന്നും മാനേജ്മെന്റ് പ്രതിനിധികൾ അറിയിച്ചു.

ജീവനക്കാരുടെ ദൗർലഭ്യം മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ശാഖകളിലെ അവസ്ഥ മുതലെടുത്ത് ജീവനക്കാർക്ക് പകരം അവിടങ്ങളിൽ BC മാരെ നിയമിക്കാനുള്ള നീക്കം ഒരിക്കലും അനുവദിക്കാൻ കഴിയില്ല എന്ന് ജോയിന്റ് ഫോറം പ്രതിനിധികളും നിലപാടെടുത്തു.

എന്നാൽ BC എന്നത് ലാസ്റ്റ് മൈൽ കണക്ടിവിറ്റി ആണ് എന്നും, ജീവനക്കാർക്ക് പകരമായി BC മാരെ നിയമിക്കില്ല എന്നും ബ്രാഞ്ചിനകത്തോ പരിസരപ്രദേശങ്ങളിലോ BC മാരെ നിൽക്കാൻ അനുവദിക്കില്ല എന്നും മാനേജ്മെന്റ് പ്രതികരിച്ചു.

എന്തുവന്നാലും കേരളത്തിന്റെ പശ്ചാത്തലത്തിൽ BC നിയമനം എന്നത് നമുക്ക് ഒരു കാരണവശാലും അനുവദിക്കാൻ കഴിയുന്ന കാര്യമല്ല എന്നും

മുഴുവൻ സംഘടനകളും ഒറ്റക്കെട്ടായി ഇതിനെ എതിർക്കുമെന്നും നാം നിലപാടെടുത്തു.

**നിലവിൽ BC മാരെ നിയമിച്ചിരിക്കുന്നത് കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം മാത്രമാണ് എന്നും കേന്ദ്ര സർക്കാർ നിർദേശപ്രകാരമുള്ള സാമ്പത്തിക ഉൾച്ചേർക്കൽ പദ്ധതിക്കല്ലാതെ BC മാരെ നിയോഗിക്കില്ല എന്നും മാനേജ്മെന്റ് പ്രതിനിധികൾ ഉറപ്പ് പറഞ്ഞു**

പ്രക്ഷോഭത്തിന് ജീവനക്കാരുടെ നിർലോഭമായ പിന്തുണ ലഭിച്ചത് കൊണ്ട് മാത്രമാണ് മേൽപ്പറഞ്ഞ ആവശ്യങ്ങളിലെല്ലാം അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാവുന്നത്. പ്രക്ഷോഭത്തോട് സഹകരിച്ച മുഴുവൻ ജീവനക്കാരെയും അഭിവാദ്യം ചെയ്യുന്നതോടൊപ്പം മാനേജ്മെന്റ് നൽകിയ ഉറപ്പുകൾ പാലിക്കപ്പെടുന്നത് വരെ നമുക്ക് വിശ്രമമില്ല എന്ന് കൂടി ഓർമിപ്പിക്കുന്നു.

**കഴിഞ്ഞ 2 മാസക്കാലങ്ങളായി വിശ്രമമില്ലാത്ത പോരാട്ടത്തിലായിരുന്ന നാം ഇനി പൂർണമായും നമ്മുടെ ബാങ്കിംഗ് ബിസിനസ്സിലേക്ക് തിരിച്ചുവരികയാണ്. നിർണായകമായ ദിവസങ്ങളാണ് ഇനി വരാനിരിക്കുന്നത്. ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് പരമാവധി ബിസിനസ്സ് സമാഹരിക്കാനും കിട്ടാക്കടങ്ങൾ തിരിച്ചു പിടിക്കാനും മുഴുവൻ ജീവനക്കാരും പൂർണ മനസ്സോടെ രംഗത്തിറങ്ങണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,**

അഭിവാദ്യങ്ങളോടെ

**ജനറൽ സെക്രട്ടറി**
**KGB എംപ്ലോയീസ് യൂണിയൻ**

**KGB ഓഫീസേഴ്സ് യൂണിയൻ**

**KGB സ്റ്റാഫ് അസോസിയേഷൻ**

**KGB ഓഫീസേഴ്സ് കോൺഗ്രസ്സ്**

**KGB എംപ്ലോയീസ് അസോസിയേഷൻ**

**KGB ഓഫീസേഴ്സ് അസോസിയേഷൻ**

**KGB വർക്കേഴ്സ് ഓർഗനൈസേഷൻ**

**KGB ഓഫീസേഴ്സ് ഓർഗനൈസേഷൻ**